**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2070 11.03.2020-ലെ മറുപടിക്ക്**

**<u>ട്രഷറിയിൽ പണമില്ലാത്തതിനാൽ മടങ്ങിയ ചെക്കുകൾ</u>**

**<u>ചോദ്യം</u>**

**ശ്രീ. മഞ്ഞളാംകുഴി അലി**

**ശ്രീ. കെ.എൻ.എ ഖാദർ**

**<u>മറുപടി</u>**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർക്ക് നൽകിയ ചെക്കുകൾ ട്രഷറിയിൽ പണമില്ലാത്തതിന്റെ പേരിൽ മടങ്ങിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ട്രഷറിയിൽ പണമില്ലാത്തതിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ, കരാറുകാർ എന്നിവർ സമർപ്പിച്ചിട്ടുള്ള ചെക്കുകൾ മടങ്ങിയിട്ടില്ല. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധം സംസ്ഥാനത്തെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചതിന്റെ ഫലമായി സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഉടലെടുത്തിട്ടുണ്ട്. ഇത് തരണം ചെയ്യുന്നതിനായി ദൈനംദിന വരവും ചെലവും ക്രമപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള ചില നിയന്ത്രണങ്ങൾ ട്രഷറി പെയ്മെന്റിൽ വരുത്തിയിരുന്നു. ടി സാഹചര്യത്തിലും 15/01/2020 വരെ ട്രഷറികളിൽ സമർപ്പിച്ചിട്ടുള്ള 5 ലക്ഷം രൂപവരെയുള്ള എല്ലാ ബില്ലുകളും ചെക്കുകളും പാസാക്കി നൽകുന്നുണ്ട്. വ്യക്തികളുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിക്കുന്നതിന് യാതൊരു നിയന്ത്രണവുമില്ല. ട്രഷറികളിൽ സമർപ്പിച്ചിരുന്ന കരാറുകാരുടെ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ചെക്കുകൾ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റത്തിലേയ്ക്ക് മാറ്റുന്നതിനായി ഡി.ഡി.ഒ മാർക്ക് തിരികെ നൽകി വരുന്നു. |
| (ബി) | ട്രഷറി അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ ഏതെങ്കിലും തുകയ്ക്കുള്ള ചെക്ക് മടങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; എത്ര | ട്രഷറി അക്കൗണ്ടിൽ പണമില്ലാത്തതിന്റെ പേരിൽ ചെക്കുകൾ മടങ്ങിയതിന്റെ വിശദാംശം ലഭ്യമല്ല. വ്യക്തികളും സ്ഥാപനങ്ങളും സർക്കാർ ഓഫീസുകളും ട്രഷറിയിൽ തുടങ്ങിയിട്ടുള്ള ട്രഷറി അക്കൗണ്ടുകളിലെ (STSB / PTSB / TSB/ |

| | | |
|---|---|---|
| | രൂപയുടെ ചെക്കുകളാണ് ഇത്തരത്തിൽ മടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | Institutional TSB / PD) ബാലൻസ് തുകയേക്കാൾ കൂടുതൽ തുകയുള്ള ചെക്ക് സമർപ്പിക്കുകയാണെങ്കിൽ ചെക്ക് പാസാക്കുവാൻ സാധിക്കാതെ മടക്കി നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**